2727
17/2/21

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്ന് അധിക വായ്പയ്ക്ക് - 1000 കോടി രൂപ അധിക സർക്കാർ ഗ്യാരന്റി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (ബി) വകുപ്പ്

സ.ഉ.(കൈ)നം6/2021/സഹ തീയതി, തിരുവനന്തപുരം, 12/02/2021

പരാമർശം:- 1. 13/02/2019 തീയതിയിലെ സ.ഉ.(കൈ) നം.08/2019/സഹ നമ്പർ ഉത്തരവ്.

2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മാനേജിംഗ് ഡയറക്ടറുടെ 17/06/2020 ലെ F1/GUAR/XXVI/2018-19 നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്നും അധിക വായ്പ ലഭിക്കുന്നതിന് 500 കോടി രൂപയുടെ അധിക ഗ്യാരന്റിയ്ക്ക് അനുമതി നല്കി ആകെ തുക 6282.1265 രൂപയായി ഉയർത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) നബാർഡിൽ നിന്നും പുനഃ വായ്പ ലഭിക്കുന്നതിന്, 20 വർഷ കാലയളവിൽ 1000 കോടി രൂപയുടെ അധിക ഗ്യാരന്റി കൂടി നല്കി ഗ്യാരന്റി പരിധി 7282.1265 കോടി ആയി ഉയർത്തുന്നതിന് പരാമർശം (2) കത്ത് പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നബാർഡിൽ നിന്നും പുനഃ വായ്പ ലഭിക്കുന്നതിന്, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 20 വർഷ കാലയളവിൽ 1000 കോടി രൂപയുടെ അധിക ഗ്യാരന്റി നൽകി ഗ്യാരന്റി പരിധി 7282.1265 കോടിയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്യാരണ്ടി വ്യവസ്ഥകൾ

1. ഗ്യാരണ്ടി ആക്ട്ട് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

4. ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

5. ഗ്യാരണ്ടി ആക്ട്ട് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, "21000 കോടിരൂപ" എന്നതിന് പകരം 2018-ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്ട്ട് പ്രകാരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനം "എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

7. ധനകാര്യ(പി എ സി-ബി) വകുപ്പിലെ 29-05-2017-ാം തിയതിയിലെ സർക്കുലർ നം. 42/17-ധന പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ് ക്ളിയറൻസ് നടത്തിയതിന്റെ റിപ്പോർട്ടു കൂടി എല്ലാ വർഷവും സമർപ്പിക്കേണ്ടതാണ്.

8. ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ GIMS (Guarantee Information Management system) പോർട്ടലിൽ കമ്പനിയുടെ login-id ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി ഐ എ എസ്സ്
സെക്രട്ടറി

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (20/01/20210 ലെ PU B3/49/2020/Fin)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 10-02-2021

ഫയൽ നം.സഹ-ബി1/155/2020-സഹ. ഇനം നം: 4632

വിഷയം : സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്ന് 1000 കോടി രൂപ വായ്പയ്ക്ക് അധിക ഗ്യാരന്റി നൽകുന്നതിന് അനുമതി നേടുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

AS/SM
for urgent action
11/2/21

സെക്രട്ടറി, സഹകരണ വകുപ്പ്.

കൂടുതലിലെ ഉത്തരവ് കണ്ടെടുത്തും. കാരട് ഉത്തരവ് അംഗീകരണിക്കാൻ

Rajesh
11/2

Syd (Co.op)

11/2

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

4632

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	സഹ-ബി1-155/2020/സഹ.
2	വകുപ്പ്	:	സഹകരണ (ബി) വകുപ്പ്
3	വിഷയം	:	കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാ വികസന ബാങ്കിന് നബാർഡിൽ നിന്ന് 1000 കോ രൂപ വായ്പയ്ക്ക് അധിക ഗ്യാരന്റി നൽകുന്നതി അനുമതി നേടുന്നതിനുള്ള നിർദ്ദേ അംഗീകരിക്കുന്നത്- സംബന്ധിച്ച്
4	മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	:	31/01/2021
5	(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?	:	അതെ
	(ii) സാമ്പത്തിക ബാധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	:	ഉണ്ട്
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചി ട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	:	ഇല്ല
7	കുറിപ്പ് സമർപ്പിക്കുന്ന അഡീഷണൽ സെക്രട്ടറിയുടെ പേര്	:	ശ്രീ.പി.എസ്. രാജേഷ്
8	കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്	:	ശ്രീമതി. മിനി ആന്റണി
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി	:	08.02.2021
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	:	ഡോ. വിശ്വാസ് മേത്ത
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി		08.02.2021
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	:	ശ്രീ. കടകംപള്ളി സുരേന്ദ്രൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	:	09.02.2021
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	09.02.2021
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും	:	

മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്നും പുനർ വായ്പ ലഭ്യമാക്കുന്നതിന് വേണ്ടി 1000 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി നൽകുന്ന നിർദ്ദേശത്തിന് അംഗീകാരം നേടുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 13/02/2019 ലെ സ.ഉ (കൈ) നം.8/2019/സഹ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 500 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി നൽകിയിരുന്നു. ഇതിലൂടെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പയുടെ ഗ്യാരന്റി പരിധി 6282.1265 കോടി രൂപയായി ഉയർന്നു.

3. പുനർവായ്പാ ഗ്യാരന്റി പരിധി 7282.1265 കോടി രൂപയായി ഉയർത്തി, 1000 കോടി രൂപയുടെ അധിക ഗ്യാരന്റി 20 വർഷത്തേയ്ക്ക് നബാർഡിന്റെ പേരിൽ നൽകുന്നതിനുള്ള നിർദ്ദേശം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്യാരന്റി ഫീകയ്ക്ക് അടയ്ക്കേണ്ട ഗ്യാരന്റി കമ്മീഷൻ അടയ്ക്കുന്നതിന് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ 40.20 കോടി രൂപ അടയ്ക്കുകയും, പിഴപ്പലിശയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

4. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 1000 കോടി രൂപയുടെ അധിക ഗ്യാരന്റി നൽകുന്ന വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ധനവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി 20 വർഷ കാലയളവിൽ 1000 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി നിലവിലെ ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു നൽകുന്നു.

ഗ്യാരണ്ടി വ്യവസ്ഥകൾ

1. ഗ്യാരണ്ടി ആക്ട് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.
3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.
4. ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
5. ഗ്യാരണ്ടി ആക്ട് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.
6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി , ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, "21000 കോടിരൂപ" എന്നതിന് പകരം 2018-ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്ട് പ്രകാരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനം "എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
7. ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്ത ശേഷം ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് ലഭ്യമാക്കേണ്ടതാണ്.
8. ധനകാര്യ(പി എ സി-ബി) വകുപ്പിലെ 29-05-2017-ാം തിയതിയിലെ സർക്കുലർ നം. 42/17-ധന പ്രകാരം ഓഡിറ്റഡ് അക്കൗണ്ട്സ് ക്ലിയറൻസ് നടത്തിയതിന്റെ റിപ്പോർട്ടു കൂടി എല്ലാ വർഷവും സമർപ്പിക്കേണ്ടതാണ്.

9. ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ GIMS (Guarantee Information Management system) പോർട്ടലിൽ കമ്പനിയുടെ login-id ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പാ പരിധി 7282.1265 കോടി രൂപയായി ഉയർത്തി 1000 കോടി രൂപയുടെ അധിക ഗ്യാരന്റി അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട കാര്യം

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിൽ നിന്നുള്ള പുനർവായ്പാ പരിധി 7282.1265 കോടി രൂപയായി ഉയർത്തി 1000 കോടി രൂപ പുനർ വായ്പയെടുക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അധിക ഗ്യാരന്റി നൽകുന്ന നിർദ്ദേശം അംഗീകരിക്കാമോ?